## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**1218**</u>      <u>14.06.2012 -ലെ മറുപടിക്ക്</u>

## <u>അഴിമാവ്കടവ് പാലം, പഴുവിൽ പാലം, കലാഞ്ഞി പാലം എന്നിവയുടെ നിർമ്മാണം</u>

| <u>ചോദ്യം</u><br>**ശ്രീമതി. ഗീതാ ഗോപി** | <u>ഉത്തരം</u><br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
|---|---|
| **(എ). നാട്ടിക നിയോജക മണ്ഡലത്തിലെ അഴിമാവ്കടവ് പാലം, പഴുവിൽ പാലം, കലാഞ്ഞിപാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;** | (എ). (1). അഴിമാവ്കടവ് പാലത്തിന്റെ പണി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. ആയതിന് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ഉത്തരവിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.<br>(2). കലാഞ്ഞിപ്പാലത്തിന്റെ പണിയ്ക്കുള്ള സ്ഥലം കരാറുകാരന് കൈമാറിക്കഴിഞ്ഞു.<br>(3). പഴുവിൽപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും, ബോറിംഗും പൂർത്തിയായിട്ടുണ്ട്. അലൈൻമെന്റ് അംഗീകരിച്ച കഴിഞ്ഞു. വിശദമായ സർവ്വേ നടത്തി അതിർത്തി നിശ്ചയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലത്തിന്റെ വിശദമായ ഡിസൈൻ തയ്യാറാക്കി വരുന്നു. |
| **(ബി). ഇവയുടെ പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ;** | (ബി). അഴിമാവ് കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കലാഞ്ഞിപ്പാലം പണി കരാർ ഏറ്റെടുത്ത കരാറുകാരൻ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി കിട്ടുവാൻ വേണ്ടി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്<br>പഴുവിൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**(സി). പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?**

**(സി).** (1). അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണം സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ 18 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(2). കലാഞ്ഞിപ്പാലം സംബന്ധിച്ച് കരാറുകാരൻ സമർപ്പിച്ചിട്ടുള്ള കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കേസ് തീർപ്പ് ആകുന്നതുവരെ മറ്റു നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**(3).** പഴവിൽപ്പാലത്തിന്റെ ടെണ്ടർ നടപടികൾ, വിശദമായ ഡിസൈൻ മുതലായവ പൂർത്തിയായ ശേഷം മാത്രമേ പണി പൂർത്തിയാക്കുന്ന കാലാവധി തീരുമാനിക്കാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**